# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2025 ജൂലൈ 14 തിങ്കൾ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


## 'രഹസ്യമായി റെക്കോർഡ് ചെയ്ത പങ്കാളിയുടെ ഫോൺ സംഭാഷണം വിവാഹമോചനക്കേസിൽ തെളിവായി പരിഗണിക്കാം' : സുപ്രിംകോടതി

ന്യൂഡൽഹി: വിവാഹമോചന കേസിൽ പങ്കാളിയുടെ ഫോൺ സംഭാഷണം രഹസ്യമായി റെക്കോർഡ് ചെയ്തത് തെളിവായി പരിഗണിക്കാമെന്ന് സുപ്രിംകോടതി ഉത്തരവ്. ഫോൺ രഹസ്യമായി റെക്കോർഡ് ചെയ്തത് തെളിവായി സ്വീകരിക്കാനാകില്ലെന്ന പഞ്ചാബ്-ഹരിയാന ഹൈക്കോടതി ഉത്തരവും സുപ്രിംകോടതി റദ്ദാക്കി. ജസ്റ്റിസ് ബി.വി നാഗരത്ന അധ്യക്ഷയായ ബെഞ്ചിന്റെയാണ് നടപടി.മൗലികാവകാശലംഘനത്തിന്റെ പേരിൽ ഇത്തരം തെളിവുകൾ മാറ്റിനിർത്താനാകില്ലെന്നും സുപ്രിംകോടതി നിരീക്ഷിച്ചു.



ഭാര്യ അറിയാതെ അവരുടെ ഫോൺ സംഭാഷണങ്ങൾ റെക്കോർഡ് ചെയ്യുന്നത് സ്വകാര്യതയുടെ ലംഘനമാണെന്നായിരുന്നു പഞ്ചാബ് ഹരിയാന ഹൈക്കോടതിയുടെ വിധി. 2020ലെ ബതിൻഡ കുടുംബ കോടതിയുടെ ഉത്തരവിനെ ചോദ്യം ചെയ്ത് ഒരു സ്ത്രീ നൽകിയ ഹരജിയിലാണ് ജസ്റ്റിസ് ലിസ ഗില്ലി ഉത്തരവിട്ടത്. പരാതിക്കാരിയും ഭർത്താവും തമ്മിലുള്ള ഫോൺ സംഭാഷണങ്ങൾ റെക്കോർഡ് ചെയ്ത സിഡി തെളിവായി സ്വീകരിക്കാൻ ബതിൻഡ കുടുംബ കോടതി അനുവാദം നൽകിയിരുന്നു.എന്നാൽ ഇതാണ് 2021 ൽ പഞ്ചാബ്, ഹരിയാന ഹൈക്കോടതി വിലക്കിയത്. അന്നത്തെ ഹൈക്കോടതി വിധിയാണ് തിങ്കളാഴ്ച സുപ്രിം കോടതി റദ്ദാക്കിയിരിക്കുന്നത്.


ഭാര്യാഭർത്താക്കന്മാർക്കിടയിൽ സ്വകാര്യതയ്ക്കുള്ള അവകാശം നിലവിലുണ്ടെങ്കിലും അത് സമ്പൂർണ്ണമല്ലെന്ന് ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, സതീഷ് ചന്ദ്ര ശർമ്മ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

പങ്കാളികൾ തമ്മിലുള്ള സംഭാഷണം അവരിൽ ഒരാൾ രഹസ്യമായി റെക്കോർഡു ചെയ്തത് തെളിവായി അംഗീകരിക്കാമെന്ന് ചൂണ്ടിക്കാട്ടിയ ബെഞ്ച്, വൈവാഹിക കേസുകളിൽ ഇത്തരം തെളിവുകൾ അനുവദിക്കുന്നത് നടപടിക്രമപരമായ നീതിയെ ഉയർത്തിപ്പിടിക്കുമെന്നും ബെഞ്ച് ഊന്നിപ്പറഞ്ഞു. പങ്കാളികൾ പരസ്പരം രഹസ്യമായി അവരിലാരുടെയെങ്കിലും ഫോൺ സംഭാഷണം റെക്കോർഡ് ചെയ്യുന്നുണ്ടെങ്കിൽ അവരുടെ വിവാഹ ബന്ധം പരാജയപ്പെട്ടുവെന്നതിന്റെ ലക്ഷണമാണെന്നും ഈ കേസിൽ സ്വകാര്യതയുടെ ലംഘനമൊന്നും സംഭവിച്ചിട്ടില്ലെന്നും ഉചിതമായ നിയമ മാനദണ്ഡങ്ങൾ പ്രകാരം അത്തരം തെളിവുകൾ പരീക്ഷിക്കാമെന്നും ബെഞ്ച് ഉത്തരവിട്ടു.

2017ലാണ് യുവതിയിൽ നിന്ന് വിവാഹമോചനം ആവശ്യപ്പെട്ട് ഭർത്താവ് ഹരജി നൽകിയത്. 2009ലായിരുന്നു ഇവരുടെ വിവാഹം. ദമ്പതികൾക്ക് ഒരു മകളുണ്ട്. വിസ്താരത്തിനിടെ, മെമ്മറി കാർഡിലോ മൊബൈൽ ഫോണിലെ ചിപ്പിലോ റെക്കോർഡ് ചെയ്ത സംഭാഷണങ്ങളുടെ സിഡിയും ട്രാൻസ്ക്രിപ്റ്റുകളും സഹിതം സപ്ലിമെന്ററി സത്യവാങ്മൂലം സമർപ്പിക്കാൻ അനുമതി തേടി 2019 ജൂലൈയിൽ ഭർത്താവ് അപേക്ഷ സമർപ്പിച്ചു. 2020ൽ, കുടുംബ കോടതി അതിനു അനുവാദം നൽകി. തുടർന്നാണ് ഭാര്യ ഹൈക്കോടതിയെ സമീപിച്ചത്. എന്നാൽ ഹൈക്കോടി ഇത് നിരസിച്ചതോടെയാണ് ഭർത്താവ് സുപ്രിംകോടതിയെ സമീപിച്ചത്.

## 'പഹൽഗാമിൽ സുരക്ഷാ വീഴ്ച ഉണ്ടായി'; ജമ്മു കശ്മീർ ലഫ്. ഗവർണർ മനോജ് സിൻഹ

ശ്രീനഗർ: പഹൽഗാമിൽ സുരക്ഷാ വീഴ്ച ഉണ്ടായെന്ന് ജമ്മു കശ്മീർ ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ . സുരക്ഷാ ജീവനക്കാരുടെ സാന്നിധ്യം മേഖലയിൽ ഉണ്ടായിരുന്നില്ല . വിനോദസഞ്ചാരികളെ ഭീകരർ ലക്ഷ്യമിടില്ലെന്നാണ് കരുതിയത്. പൂർണ ഉത്തരവാദിത്തം താൻ ഏറ്റെടുക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അതേ സമയം മനോജ് സിൻഹ രാജി വെക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു. ഉത്തരവാദിത്തം ഏറ്റെടുക്കാൻ 82 ദിവസം വേണ്ടി വന്നുവെന്നും കോൺഗ്രസ് വിമർശിച്ചു.ഭീകരാക്രമണത്തിലെ സുരക്ഷ വീഴ്ച കേന്ദ്രം തള്ളിപ്പറയുമ്പോഴാണ് ഗവർണറുടെ തുറന്നുപറച്ചിൽ . വിദേശികൾ അടക്കം 26 പേർക്ക് നേരെ നിറയൊഴിച്ച പഹൽഗാം ഭീകരാക്രമണത്തിൽ സുരക്ഷ വീഴ്ച്ച ഉണ്ടായി എന്നാണ് മനോജ് സിൻഹ സമ്മതിക്കുന്നത്. ഭീകരർ വിനോദസഞ്ചാരികളെ ഉന്നം വെക്കുമെന്ന് കരുതിയില്ലെന്നും അദ്ദേഹം ബൈസരൻ വാലി മേഖലയിൽ സുരക്ഷാ ജീവനക്കാരുടെ സാന്നിധ്യം ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി. ആക്രമണത്തിൻറെ പ്രാദേശിക സഹായങ്ങൾ ലഭിച്ചു എന്നും രാജ്യത്തിൻറെ



ആത്മാവിനെ ഇല്ലാതാക്കിയ സംഭവമാണ് പഹൽകാമിൽ നടന്നതെന്നും മനോജ് സിൻഹ പറയുന്നു. ഭീകരാക്രമണത്തിൻറെ പൂർണ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതായും ഗവർണർ കൂട്ടിച്ചേർത്തു. ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് ഗവർണറുടെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ. ഭീകരാക്രമണത്തെ പാർലമെൻറിലടക്കം തള്ളിപ്പറഞ്ഞ കേന്ദ്രസർക്കാരിന് ഗവർണറുടെ നിലപാട് തലവേദനയാവുകയാണ്. സുരക്ഷാ വീഴ്ച സമ്മതിക്കാൻ 82 ദിവസം വേണ്ടിവന്നു എന്ന് വിമർശിച്ച കോൺഗ്രസ് മനോജ് സിൻഹ രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടു. വർഷകാല സമ്മേളനത്തിന് ദിവസങ്ങൾ ശേഷിക്കെ ജമ്മു കശ്മീർ ഗവർണറുടെ വെളിപ്പെടുത്തൽ കേന്ദ്രസർക്കാരിനെ പ്രതിരോധത്തിൽ ആക്കുകയാണ്.

## ജലത്തിന് കാത്തിരുന്ന കുട്ടികളെ കൊന്നൊടുക്കിയതിൽ വിശദീകരണവുമായി ഇസ്രായേൽ സൈന്യം

ഗസ്സസിറ്റി: മധ്യ ഗസ്സയിലെ അൽ നുസൈറാത്ത് അഭയാർഥി ക്യാമ്പുകൾക്ക് സമീപം കാനുകളിൽ വെള്ളം നിറക്കാൻ കാത്തിരിക്കുന്നതിനിടെ ആറു കുട്ടികൾ ഉൾപ്പെടെ പത്തു പേരെ കൊലപ്പെടുത്തിയതിൽ വിശദീകരണവുമായി ഇസ്രായേൽ . ഫലസ്തീൻ പോരാളിയെ ലക്ഷ്യമിട്ട് നടത്തിയ വ്യോമാക്രമണമായിരുന്നുവെന്നും സാങ്കേതിക തകരാർ കാരണം ദിശ തെറ്റി ജനങ്ങൾക്ക് മേൽ പതിക്കുകയായിരുന്നുവെന്നും ഇസ്രായേൽ പ്രതിരോധ സേന വ്യക്തമാക്കി. ആക്രമണത്തിൽ 17 പേർക്ക് പരിക്കേറ്റിരുന്നു.



അതേസമയം,ഇസ്രായേലിന്റെ അവകാശവാദം അംഗീകരിക്കാനാകില്ലെന്ന് അന്താരാഷ്ട്ര അഭിഭാഷകയും നെതർലാൻഡിലെ ഉട്രെക്റ്റ് സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസറുമായ ജെസീക്ക ഡോർസി പ്രതികരിച്ചു. ഗസ്സയിലെ സാധാരണക്കാരെ സംരക്ഷിക്കാൻ ഇസ്രായേൽ സൈന്യം മതിയായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് അവർ പറഞ്ഞു.

”യുദ്ധത്തിൽ തെറ്റുകൾ സംഭവിക്കാറുണ്ട്, എന്നാൽ ഒരു പ്രത്യേക ഘട്ടത്തിൽ, കഴിഞ്ഞ 21 മാസമായി നമ്മൾ കണ്ട സിവിലിയൻ ദ്രോഹത്തിന്റെ രീതി കണക്കിലെടുക്കുമ്പോൾ, ഇതിനെ തെറ്റെന്ന് എന്ന് വിളിക്കുന്നതിനെ ചോദ്യം ചെയ്യണം, വാസ്തവത്തിൽ, ഇത് അവരുടെ പ്രവർത്തനരീതിയാണോ എന്ന് അന്വേഷിക്കണം,” ജെസീക്ക അൽ ജസീറയോട് പറഞ്ഞു.

കഴിഞ്ഞദിവസം ഗസ്സ സിറ്റി മാർക്കറ്റിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ പ്രമുഖ ഡോക്ടർ അഹമ്മദ് ഖാൻഡിൽ ഉൾപ്പെടെ 17 പേർ കൊല്ലപ്പെട്ടതായി ഫലസ്തീൻ ആരോഗ്യ മന്ത്രാലയം അറിയിച്ചിരുന്നു. ഞായറാഴ്ച മാത്രം ഇസ്രായേൽ ആക്രമണത്തിൽ 95 ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. ഇതോടെ ഇസ്രായേൽ അധിനിവേശത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 58,026 കവിഞ്ഞു.

2023 ഒക്ടോബർ ഏഴിന് യുദ്ധം ആരംഭിച്ചതിനുശേഷം കൊല്ലപ്പെട്ടവരിൽ പകുതിയിലധികം പേരും സ്ത്രീകളും കുട്ടികളുമാണ്. 138,500 പേർക്ക് പരിക്കേറ്റതായും മന്ത്രാലയം അറിയിച്ചു.യുദ്ധവും ഇസ്രായേലിന്റെ ഉപരോധവും മൂലം ഗസ്സയിലെ 2.1 ദശലക്ഷം ആളുകളാണ് പട്ടിണിയുടെ വക്കിലെത്തിയിരിക്കുന്നത്. പോഷകാഹാരക്കുറവ് മൂലം നിരവധി കുഞ്ഞുങ്ങളാണ് ഗസ്സയിൽ മരിച്ചുവീഴുന്നത്.

ഇസ്രായേൽ യുദ്ധം ആരംഭിച്ചതിനുശേഷം കുറഞ്ഞത് 67 കുട്ടികളെങ്കിലും പോഷകാഹാരക്കുറവ് മൂലം മരിച്ചുവെന്നാണ് ഗസ്സയിലെ ആരോഗ്യമന്ത്രാലയം പറയുന്നത്. ജൂണിൽ ഗസ്സയിലെ 5,800-ലധികം കുട്ടികൾക്ക് പോഷകാഹാരക്കുറവ് കണ്ടെത്തിയതായി യുഎൻ കുട്ടികളുടെ ഏജൻസിയായ യുണിസെഫ് അറിയിച്ചിരുന്നു. ഇതിൽ 1,000-ത്തിലധികം കുട്ടികൾ ഗുരുതരാവസ്ഥയിലാണ്.

## അഹമ്മദാബാദ് വിമാന ദുരന്തം; പൈലറ്റുമാരുടെ സംഘടന കോടതിയിലേക്ക്

ദില്ലി: അഹമ്മദാബാദ് വിമാന ദുരന്തവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ പൈലറ്റുമാരുടെ സംഘടന കോടതിയിലേക്ക്. അന്വേഷണ സംഘത്തിൽ സംഘടനയിലെ വിദഗ്ധ പൈലറ്റുമാരെ ഉൾപ്പെടുത്തണമെന്നാണ് പൈലറ്റുമാരുടെ സംഘടനയുടെ ആവശ്യം. തുടരന്വേഷണത്തിലും സുതാര്യതയുണ്ടാകില്ലെന്ന് സംഘടന ആവശ്യപ്പെടുന്നു.

അതേസമയം, ഡിജിസിഎ ഉദ്യോഗസ്ഥരുമായി എയർ ലൈൻ പൈലറ്റ്സ് അസോസിയേഷൻ ഇന്ന് കൂടിക്കാഴ്ച നടത്തും. സംഘടനയുടെ ആശങ്കയറിയിക്കും.

അഹമ്മദാബാദ് വിമാന ദുരന്തത്തിലെ പ്രാഥമിക റിപ്പോർട്ടിനെതിരെ പ്രതിഷേധം ശക്തമാവുകയാണ്. പൈലറ്റുമാരെ കേന്ദ്രീകരിച്ചുള്ള ചർച്ചകൾ ബാലിശമാണെന്നും ഫ്യുവൽ സ്വിച്ച് ഓഫായതിന് പിന്നിൽ യന്ത്രതകരാർ സംഭവിച്ചോയെന്നത് വിശദമായ അന്വേഷണത്തിൽ പരിശോധിക്കണമെന്നും എയർ ക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ മുൻ തലവൻ ആവശ്യപ്പെട്ടു.

എഞ്ചിനിലേക്കുള്ള ഇന്ധന പ്രവാഹത്തെ നിയന്ത്രിക്കുന്ന രണ്ട് സ്വിച്ചുകളും കട്ട് ഓഫ് പൊസിഷനിലായതിന് പിന്നിൽ പൈലറ്റുമാരാണെന്ന ധ്വനിയാണ് എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ പ്രാഥമിക റിപ്പോർട്ടിലുള്ളത്. കോക്പിറ്റ് റെക്കോർഡറിലെ പൈലറ്റുമാരുടെ സംഭാഷണം മുഴുവൻ പുറത്ത് വിടാതെ സംശയം ജനിപ്പിക്കുന്ന ഒരു ഭാഗം മാത്രമാണ് റിപ്പോർട്ടിൽ പങ്ക് വച്ചിരിക്കുന്നത്.

പൈലറ്റുമാരിലേക്ക് മാത്രം ചർച്ച കേന്ദ്രീകരിക്കുന്നതിൽ കടുത്ത അതൃപ്തി ഉയരുന്നുണ്ട്. ഫ്യുവൽ സ്വിച്ചുകൾ ഓഫായതിന് പിന്നിൽ യന്ത്രത്തകരാറോ, ഇലക്ട്രിക്കൽ പ്രശനങ്ങളോ ഉണ്ടായിട്ടുണ്ടോയെന്നതും അന്വേഷണ പരിധിയിൽ വരുമെന്നാണ് അരബിന്ദോ ഹണ്ട വാർത്താ ഏജൻസിയോട് പറഞ്ഞത്. കരിപ്പൂർ വിമാനദുരന്തിലടക്കം ഹണ്ടയുടെ നേതൃത്വത്തിലായിരുന്നു അന്വേഷണം. പ്രാഥമിക റിപ്പോർട്ടിനെ പ്രതിപക്ഷവും സംശയത്തോടെയാണ് കാണുന്നത്. ഏറ്റവുമൊടുവിൽ ചേർന്ന പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിൽ അന്വേഷണ സമിതിയുടെ ഘടനയിലടക്കം അതൃപ്തി അറിയിച്ച് വ്യോമയാന മന്ത്രാലയത്തിനെതിരെ രൂക്ഷവിമർശനം ഉയർന്നിരുന്നു. അഹമ്മദാബാദ് ദുരന്തവും അതിന് പിന്നാലെ നടന്ന സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ സുരക്ഷ കാര്യങ്ങളിൽ എയർ ഇന്ത്യ, ബോയിംഗ് കമ്പനികളെയും എപിഎസി കുറ്റപ്പെടുത്തുകയും റിപ്പോർട്ട് തേടുകയും ചെയ്തിരുന്നു.വിമാനകമ്പനികളുടെ സുരക്ഷ പാളിച്ചയിലേക്ക് അന്വേഷണം നീണ്ടാൽ വ്യോമയാന മന്ത്രാലയത്തിനും ക്ഷീണമാകും. അത് പ്രതിരോധിക്കാനുള്ള നീക്കമാണെന്ന ആക്ഷേപവും ശക്തമാകുകയാണ്.

## ഓപ്പറേഷൻ ഡി - ഹണ്ട്: 165 പേരെ അറസ്റ്റ് ചെയ്തു

തിരുവനന്തപുരം; ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി കഴിഞ്ഞ ദിവസം സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2158 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 154 കേസുകൾ രജിസ്റ്റർ ചെയ്തു.



165 പേരാണ് അറസ്റ്റിലായത്. ഈ കേസുകളിൽ എല്ലാം കൂടി മാരക മയക്കുമരുന്നുകളായ എം.ഡി.എം.എ (0.09961 കി.ഗ്രാം), കഞ്ചാവ് (8.6649 കി.ഗ്രാം), കഞ്ചാവ് ബീഡി (109 എണ്ണം) എന്നിവ പോലീസ് ഇവരിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി.

നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനാണ് സംസ്ഥാന വ്യാപകമായി ഓപ്പറേഷൻ ഡി-ഹണ്ട് നടത്തിയത്.

പൊതുജനങ്ങളിൽ നിന്ന് മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ സ്വീകരിച്ച് നടപടികൾ കൈക്കൊള്ളുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആന്റി നർക്കോട്ടിക്ക് കൺട്രോൾ റൂം (9497927797) നിലവിലുണ്ട്. ഈ നമ്പറിലേക്ക് ബന്ധപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമായാണ് സൂക്ഷിക്കുന്നത്.

മയക്കുമരുന്നിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ക്രമസമാധാന വിഭാഗം എ.ഡി.ജി.പിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ആന്റി നർക്കോട്ടിക്സ് ഇന്റലിജൻസ് സെല്ലും എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും റേഞ്ച് അടിസ്ഥാനത്തിൽ ആന്റി നർക്കോട്ടിക്സ് ഇന്റലിജൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

## നിമിഷ പ്രിയ കേസിൽ ഇടപെടുന്നതിൽ പരിമിതിയുണ്ടെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: നിമിഷപ്രിയയുടെ വധശിക്ഷ ഒഴിവാക്കുന്നതിൽ ഇടപെടുന്നതിന് പരിമിതിയുണ്ടെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ. ഈ അവസ്ഥ നിർഭാഗ്യകരമാണെന്നും പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും, ചെയ്യാൻ കഴിയുന്നതിന് പരിമിതിയുണ്ടെന്നും കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അറ്റോർണി ജനറൽ വെങ്കിട്ട രമണി കോടതിയെ അറിയിച്ചു. എല്ലാവിധത്തിലുമുള്ള ചർച്ചകൾ നടത്തിയതായും കേന്ദ്രസർക്കാർ സുപ്രീം കോടതിയെ അറിയിച്ചു.

നയതന്ത്ര ഇടപെടൽ അംഗീകരിക്കപ്പെടാത്തതിനാൽ സ്വകാര്യതലത്തിൽ ചർച്ചകൾ നടത്താനാണ് ശ്രമിക്കുന്നത്. യെമനിൽ സ്വാധീനമുള്ള ആളുകൾ വഴിയാണ് ചർച്ച നടത്തുന്നതെന്നും സർക്കാർ കോടതിയെ അറിയിച്ചു. ചെയ്യാവുന്ന കാര്യങ്ങൾ എല്ലാം ചെയ്യുന്നുണ്ട്. വധശിക്ഷ നടപ്പാക്കുകയാണെങ്കിൽ അത് ഏറെ ദുഃഖകരമാണെന്നും നല്ലത് സംഭവിക്കട്ടെയെന്ന് കാത്തിരിക്കാം എന്ന് സുപ്രീം കോടതി പറഞ്ഞു. അനൗദ്യോഗിക ആശയവിനിമയം നടക്കട്ടെയെന്നു പറഞ്ഞ സുപ്രീം കോടതി തങ്ങൾക്ക് ഒരു നിർദേശം നൽകാനാവില്ലെന്നും വ്യക്തമാക്കി. കേസ് നിരീക്ഷിക്കുകയാണെന്നു വ്യക്തമാക്കിയ കോടതി ഹർജി പരിഗണിക്കുന്നത് വെള്ളിയാഴ്ചത്തേക്ക് മാറ്റി.





നിമിഷ പ്രിയയുടെ ജയിൽ മോചനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ വീണ്ടും കത്തയച്ചിരുന്നു. വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്നായിരുന്നു ആവശ്യം. വധശിക്ഷ 16ന് നടപ്പാക്കുമെന്ന് അറിയുന്നുവെന്നും ഉടൻ ഇടപെടണമെന്നുമാണ് മുഖ്യമന്ത്രി ആവശ്യപ്പെട്ടത്.

ജൂലൈ പതിനാറിന് നിമിഷ പ്രിയയുടെ വധശിക്ഷ നടപ്പാക്കാനാണ് യെമനിലെ പബ്ലിക് പ്രോസിക്യൂട്ടർ ഉത്തരവിട്ടത്. ഉത്തരവ് ജയിലധികൃതർക്ക് കൈമാറിയിരുന്നു. 2017 മുതൽ സനായിലെ ജയിലിലാണ് നിമിഷപ്രിയ. അതിനിടെ മോചനശ്രമങ്ങൾ പലപ്പോഴായി നടന്നെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല.

2017 ജൂലൈയിൽ യെമൻ പൗരനായ തലാൽ അബ്ദു മെഹ്ദിയെ കൊലപ്പെടുത്തിയ കേസിൽ തടവിലായ പാലക്കാട് സ്വദേശിനി നിമിഷ പ്രിയയെ യെമൻ കോടതി വധശിക്ഷക്ക് വിധിച്ചിരുന്നു. 2020-ൽ സനയിലെ വിചാരണ കോടതിയും യെമൻ സുപ്രീം കോടതിയുമാണ് നിമിഷക്ക് വധശിക്ഷ വിധിച്ചത്.

## പിഎസ് ശ്രീധരൻപിള്ളയെ മാറ്റി; അശോക് ഗജപതി രാജു ഗോവ ഗവർണർ

പനാജി: ഗോവ ഗവർണർ സ്ഥാനത്ത് നിന്ന് അഡ്വ. പിഎസ് ശ്രീധരൻപിള്ളയെ മാറ്റി. അശോക് ഗജപതി രാജുവാണ് പുതിയ ഗോവൻ ഗവർണർ. മുൻ വ്യോമായന മന്ത്രിയാണ് അശോക് ഗജപതി രാജു.

ഗോവയെ കൂടാതെ ഹരിയാനയിലും ലഡാക്കിലും പുതിയ ഗവർണർമാരെ നിയമിച്ചു. അഷിം കുമാർ ഗോഷാണ് ഹരിയാന ഗവർണർ, കവീന്ദർ ഗുപ്തയാണ് ലഡാക്ക് ലഫ്റ്റന്റ് ഗവർണർ. പിഎസ് ശ്രീധരൻപിള്ളക്ക് പുതിയ ചുമതലയില്ല.

2019 മുതൽ 2021 വരെ മിസോറാം ഗവർണറായിരുന്ന പിഎസ് ശ്രീധരൻപിള്ള പിന്നീട് ഗോവയുടെ ഗവർണറായി നിയമിക്കപ്പെട്ടു. മിസോറാം ഗവർണർ എന്ന നിലയിൽ അദ്ദേഹം കാലാവധി പൂർത്തിയാക്കിയിരുന്നു. ബിജെപി സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങി വിവിധ സംഘടനാ ചുമതലകളും ശ്രീധരൻപിള്ള നിർവഹിച്ചിരുന്നു. നൂറോളം പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

## അമ്മയും പഞ്ചായത്ത് മെമ്പറായ മകനും ജീവനൊടുക്കി

തിരുവനന്തപുരം: കോൺഗ്രസ് പ്രവർത്തകനായ പഞ്ചായത്ത് മെമ്പറും അമ്മയും ജീവനൊടുക്കി.

വക്കം പഞ്ചായത്തംഗം അരുൺ (42), അമ്മ വത്സല (71)എന്നിവരെയാണ് വീടിനോട് ചേർന്ന ചായിപ്പിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. തൂങ്ങിയ നിലയിലായിരുന്നു ഇരുവരുടേയും മൃതദേഹങ്ങൾ കണ്ടെത്തിയത്. കോൺഗ്രസ് പ്രവർത്തകനാണ് വക്കം ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡ് മെമ്പറായ അരുൺ. ആത്മഹത്യാ ക്കുറിപ്പ് കണ്ടെത്തി.

തനിക്ക് എതിരെ വ്യാജ ജാതി കേസും മോഷണ കേസും നൽകിയത് കാരണം ജീവിക്കാൻ കഴിയുന്നില്ലെന്നാണ് ആത്മഹത്യാ കുറിപ്പിൽ പറയുന്നത്. പ്രദേശവാസികളായ വിനോദ്, സന്തോഷ്, അജയൻ, ബിനി സത്യൻ എന്നിവരാണ് മരണത്തിന് കാരണക്കാർ എന്നാണ് കുറിപ്പിൽ പറയുന്നത്. കഴിഞ്ഞ വർഷമാണ് അരുണിനെതിരെ ജാതിക്കേസ് പൊലീസ് രജിസ്റ്റർ ചെയ്തത്.



# കേരള ഡെമോക്രാറ്റിക് പാർട്ടി കൺവെൻഷൻ

കോഴിക്കോട്: കേരള ഡെമോക്രാറ്റിക് പാർട്ടി കോഴിക്കോട് സൗത്ത് നിയോജകമണ്ഡലം കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.ടി.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡണ്ട് സുഭീഷ് കുമാർ ആലംമ്പറ്റ അദ്ധ്യക്ഷത വഹിച്ചു. വിവരാവകാശ നിയമപ്രകാരം കേരളത്തിന്റെ പൊതു കടം ആറുലക്ഷം കോടി രൂപയാണെന്നും അതിൽ നാലേകാൽ ലക്ഷം കോടി രൂപ കഴിഞ്ഞ 9 വർഷം കൊണ്ട് എൽ.ഡി.എഫ് സർക്കാർ കടമെടുത്തതാണ് .

ഈ പണം എന്തു ചെയ്തുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സർക്കാർ തെയ്യാറാകണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു.ജില്ലാ ജനറൽ സെക്രട്ടറി സവാദ് എ.എ സ്വാഗതം പറഞ്ഞു. സംസ്ഥാന സമിതി അംഗങ്ങളായ സുഭാഷ്.പി , യൂസഫലി പി.എം, കെ.ഡി.പി സംസ്ഥാന വനിതാ ഫോറം ജനറൽ സെക്രട്ടറി റംല.കെ , കെ.ഡി.പി. യൂത്ത് വിംങ്സംസ്ഥാന ജനറൽ സെക്രട്ടറി പി. സർജാസ് , ആഷിക് അത്തോളി, അക്ഷയ് പൂക്കാട് ,പി ഹരിദാസൻ തുടങ്ങിയവർ സംസാരിച്ചു. സൗത്ത് നിയോജകമണ്ഡലം കമ്മറ്റി പുന:സംഘടിപ്പിച്ചു:

അബ്ദുൾ ജലീൽ മണലോടി പ്രസിഡണ്ട് , അമൽ കെ വൈസ് പ്രസിഡണ്ട്, എം. സുജാ ശേഖർ ജനറൽ സെക്രട്ടറി,രൂപേഷ്. പി,കെ. മനോജ് സെക്രട്ടറിമാർ, സത്താർ. വി.ടി (ട്രഷറർ) തുടങ്ങിയ ഭാരവാഹികളെ തെരഞ്ഞെടുത്തു . അബ്ദുൾ ജലീൽ മണലോടി നന്ദി രേഖപ്പെടുത്തി.

# സാഹസികതയുടെ ആവേശത്തിൽ തേവർമലയിലെ ഓഫ്റോഡ്ഫൺഡ്രൈവ്

കോഴിക്കോട്: സാഹസികതയുടെ ആവേശത്തിലേറി തേവർമലയിലെ ഓഫ്റോഡ് ഫൺഡ്രൈവ്. സംസ്ഥാന ടൂറിസം വകുപ്പും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും ഡിടിപിസിയും ചേർന്ന് സംഘടിപ്പിക്കുന്ന 11-ാം മലബാർ റിവർ ഫെസ്റ്റിവൽ രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി കോടഞ്ചേരി പഞ്ചായത്തിലെ തേവർ മലയിലേക്ക് സംഘടിപ്പിച്ച ഓഫ്റോഡ് ഫൺഡ്രൈവാണ് നാട്ടുകാരിൽ ആവേശം നിറച്ചത്. കോടഞ്ചേരി ഹൈസ്കൂൾ ഗ്രൗണ്ടിൽ അണിനിരന്ന മുപ്പതിലധികം വാഹനങ്ങൾ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ തേവർമല ലക്ഷ്യമിട്ട് കല്ലും മണ്ണും നിറഞ്ഞ പാതയിലൂടെ കുതിച്ചുകയറി. ഗ്രാമപഞ്ചായത്തും കെഎൽ 11 ഓഫ്റോഡേഴ്സും മൗണ്ട് ഡി കോടഞ്ചേരിയും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. കോടഞ്ചേരി പഞ്ചായത്തിലെ രണ്ടാമത്തെ പ്രീ ഇവന്റ് ആയിരുന്നു ഫൺഡ്രൈവ്. തുഷാരഗിരിയിലെ വനിതാ മഴ നടത്തത്തോടെയാണ് പ്രീ ഇവന്റുകൾക്ക് തുടക്കമായത്.പരിപാടിയുടെ ഫ്ലാഗ്ഓഫ് പഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് ചെമ്പകശ്ശേരി നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ബോസ് ജേക്കബ് അധ്യക്ഷത വഹിച്ചു. തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൺ മുഖ്യാതിഥിയായി. വാർഡ് മെമ്പർമാരായ ചാൾസ് തയ്യിൽ, ചിന്ന അശോകൻ, എംആർഎഫ് കോഓഡിനേറ്റർ പോൾസൺ അറക്കൽ, ജോബിറ്റ്, ഹാറുൺ ഹുസൈൻ തുടങ്ങിയവർ സംസാരിച്ചു.

# കൃഷിവൈവിധ്യങ്ങളെ ചേർത്തുപിടിച്ച് തിരുവമ്പാടി കാർഷിക ടൂറിസം സർക്യൂട്ട് യാത്ര

കോഴിക്കോട്: വിവിധതരം കൃഷികളെയും കൃഷിരീതികളെയും അടുത്തറിയാൻ ഫാം ടൂർ ഒരുക്കി തിരുവമ്പാടി ഗ്രാമപഞ്ചായത്ത്. സംസ്ഥാന ടൂറിസം വകുപ്പും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും ഡിടിപിസിയും സംയുക്തമായി സംഘടിപ്പിക്കുന്ന 11-ാം മലബാർ റിവർ ഫെസ്റ്റിവൽ രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന്റെ പ്രീ ഇവന്റുകളുടെ ഭാഗമായി പഞ്ചായത്തും തിരുവമ്പാടി കലാ-സാംസ്കാരിക സമിതിയും ഇരവഞ്ഞിവാലി ടൂറിസം ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പും ചേർന്നാണ് തിരുവമ്പാടി ഫാം ടൂറിസം സർക്യൂട്ടിലേക്ക് ഏകദിന യാത്ര സംഘടിപ്പിച്ചത്.

പെരുമാലിപ്പടിയിൽ പ്ലാത്തോട്ടത്തിൽ ജയ്സന്റെ ഉടമസ്ഥതയിലുള്ള ലെയ്ക് വ്യൂ ഫാം സ്റ്റേയിൽനിന്നാരംഭിച്ച യാത്ര പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൺ ഫ്ളാഗ് ഓഫ് ചെയ്തു. കൃഷിയെ കലയുമായി ബന്ധിപ്പിക്കുന്നതിന്റെ ഉദാഹരണമായ മുട്ടത്തുകുന്നേൽ ബോണിയുടെ 'ഗ്രെയ്സ് ഗാർഡൻ, മൂന്ന് തവണ സംസ്ഥാന അവാർഡ് നേടിയ കൈതക്കുളം സെലിൻ വിൽസന്റെ മലബാർ എഗ്ഗർ ഫാം, പുരയിടത്തിൽ ജോസിന്റെ ആടുവളർത്തൽ ഫാം, കർഷകശ്രീ ജേതാവായ സാബു തറക്കുന്നേലിന്റെ തറക്കുന്നേൽ ഗാർഡൻസ്, കേരകേസരി, കർഷകോത്തമ ജേതാവ് ഡൊമിനിക് മണ്ണുക്കുശുമ്പിലിന്റെ സമ്മിശ്ര കൃഷിയിടമായ കാർമൽ അഗ്രോ ഫാം, ദേവസ്യ മുളക്കലിന്റെ ഗ്രീൻ ഫാം വില്ലാസ് എന്നിവിടങ്ങളിലൂടെയായിരുന്നു യാത്ര.

ഓരോ കൃഷിയിടത്തെയും ഓരോ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുക വഴി കർഷകരുടെയും നാടിന്റെ പൊതുവായുമുള്ള വരുമാന വർധന ലക്ഷ്യമിട്ടാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള കാഫ്റ്റ് സൊസൈറ്റിയുടെ കീഴിൽ നടത്തി വരുന്ന ഫാം ടൂറിസം പദ്ധതി.ഇതിന്റെ ഏറ്റവും ജനകീയവും ആകർഷകവുമായ പതിപ്പാണ് ഇപ്പോൾ തിരുവമ്പാടി പഞ്ചായത്തിൽ നടപ്പാക്കി വരുന്നത്.കാഴ്ചയുടെ മനോഹാരിതക്കും മാനസിക ഉല്ലാസത്തിനുമൊപ്പം കൃഷി സംബന്ധമായ ആധികാരിക പഠനവും ഈ യാത്രയിലൂടെ സാധ്യമാകുന്നു. തെങ്ങ്, ജാതി, സമ്മിശ്ര കൃഷികൾ, അലങ്കാര ചെടികൾ, മത്സ്യ കൃഷി, അലങ്കാര മത്സ്യകൃഷി, ആട് കൃഷി തുടങ്ങി വിവിധ കാർഷിക ഫാമുകളിലേക്കാണ് സന്ദർശനം ഒരുക്കുന്നത്. കാർഷികവൃത്തി നടത്തുന്നതിനൊപ്പം കൃഷിയിടത്തെ എങ്ങനെ ടൂറിസം കേന്ദ്രമാക്കി മാറ്റാം എന്നതിന്റെ മികച്ച ഉദാഹരണമായി മാറിക്കൊണ്ടിരിക്കുകയാണ് തിരുവമ്പാടി ഫാം ടൂറിസം സർക്യൂട്ട് ഫാമുകൾ. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേരളത്തിന് പുറത്ത് നിന്നും ധാരാളം ആളുകൾ ഇവിടെ സന്ദർശനത്തിനായി എത്തുന്നുണ്ട്.

പരിപാടിക്ക് വാർഡ് മെമ്പർമാരായ ലിസി മാളിയേക്കൽ, അപ്പു കോട്ടയിൽ ലിസി സണ്ണി, ഷൈനി ബെന്നി, ഫെഡറൽ ബാങ്ക് മാനേജർ രഞ്ജിത്ത്, കാവാലം ജോർജ്, അജു എമ്മാനുവൽ തുടങ്ങിയവർ നേതൃത്വം നൽകി.



# സി രവീന്ദ്രൻ ചരമ വാർഷികവും സ്മാരക പുരസ്കാര സമർപ്പണവും സംഘടിപ്പിച്ചു

കോഴിക്കോട് : മുൻ ഡി സി സി ജനറൽ സെക്രട്ടറിയും, എൻ ജി ഒ അസോസിയേഷൻ സംസ്ഥാന നേതാവുമായിരുന്ന സി രവീന്ദ്രന്റെ മൂന്നാം ചരമ വാർഷികവും അദ്ദേഹത്തിന്റെ സ്മരണാർത്ഥം ആക്റ്റീവ് കോഴിക്കോട് ഏർപ്പെടുത്തിയ സ്മാരക പുരസ്കാര സമർപ്പണവും മുൻ കെ പി സി പ്രസിഡണ്ട് മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡി സി സി ജനറൽ സെക്രട്ടറി പി എം അബ്ദുറഹിമാന് അദ്ദേഹം പുരസ്കാരം സമ്മാനിച്ചു. ഡി സി സി പ്രസിഡണ്ട് കെ പ്രവീൺ കുമാർ പൊന്നാട അണിയിച്ചു. കെ പി സി സി ജനറൽ സെക്രട്ടറി കെ ജയന്ത് പ്രശസ്തി പത്രം സമർപ്പിച്ചു.ആക്റ്റീവ് കോഴിക്കോട് പ്രസിഡണ്ട് എം പി രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബോണി വർഗീസ് സ്വാഗതം ആശംസിച്ചു. ഐ എൻ ടി യു സി ദേശീയ സെക്രട്ടറി ഡോ എം പി പദ്മനാഭൻ, ഡി സി സി വൈസ് പ്രസിഡണ്ട് എം രാജൻ, ആക്റ്റീവ് മുൻ പ്രസിഡന്റുമാരായ എം കെ ബീരാൻ, കെ പദ്മകുമാർ, എ കെ മുഹമ്മദാലി, ട്രഷറർ എം എ പ്രഭാകരൻ എന്നിവർ പ്രസംഗിച്ചു. പി എം അബ്ദുറഹിമാൻ മറുപടി പ്രസംഗം നടത്തി.




# എൻ വി വിനോദ് അനുസ്മരണ സമ്മേളനവും പഠന കിറ്റ് വിതരണവും നടത്തി

കോഴിക്കോട്: മാധ്യമപ്രവർത്തകനും എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനും ആയിരുന്ന എൻ .വി .വിനോദിന്റെ 5-ാം ചരമ വാർഷിക ദിനാചരണത്തോടനുബന്ധിച്ച് ഓർഗനൈസേഷൻ ഓഫ് സ്മാൾ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അനുസ്മരണ സമ്മേളനവും പഠന കിറ്റ് വിതരണവും നടത്തി .നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി റിട്ട. ജില്ലാ സെഷൻസ് ജഡ്ജ് കെ .കെ കൃഷ്ണൻകുട്ടി പയിമ്പ്ര ഉദ്ഘാടനം ചെയ്തു .സംഘടനയുടെ പ്രസിഡണ്ട് രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. പ്രമുഖ മാധ്യമപ്രവർത്തകൻ സി .ഒ .ടി അസീസ് അനുസ്മരണ പ്രഭാഷണം നടത്തി.

മാധ്യമപ്രവർത്തകരായ ശ്രീകുമാർ നിയതി, പി.ടി. നിസാർ, പി .അനിൽ ബാബു, സംഗീത് ചേവായൂർ ,രാധാകൃഷ്ണൻ നക്ഷത്ര രാജ്യം എന്നിവർ സംസാരിച്ചു .

സംഘടനയുടെ കോഡിനേറ്റർ ടി.എം സത്യജിത്ത് പണിക്കർ സ്വാഗതവും ജനറൽ സെക്രട്ടറി റാണി ജോയ് നന്ദിയും രേഖപ്പെടുത്തി.തുടർന്ന് വിദ്യാർത്ഥികൾക്കുള്ള പഠന കിറ്റ് വിതരണം കെ കെ കൃഷ്ണൻകുട്ടി പയിമ്പ്ര നൽകി.

# വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചു; യുവാവ് പിടിയിൽ

കോഴിക്കോട്: തൃശ്ശൂർ സ്വദേശിനിയായ യുവതിയെ വിവാഹ വാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന പരാതിയിൽ കണ്ണൂർ സ്വദേശി പിടിയിൽ. എടക്കാട് സ്വദേശി മേത്തലപ്പള്ളി വളപ്പിൽ വീട്ടിൽ ഷമീറി(37)നെയാണ് കോഴിക്കോട് വെള്ളയിൽ പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ഏപ്രിലിലാണ് കേസിനാസ്പദമായ സംഭവം നടന്നത്.ഓട്ടോ-ടാക്സി ഡ്രൈവറായ പ്രതി പല ദിവസങ്ങളിലായി കണ്ണൂർ ടൗണിലെ ലോഡ്ജിലും കോഴിക്കോട് ബീച്ചിലും എത്തിച്ച് തന്നെ പീഡിപ്പിച്ചു എന്നാണ് പരാതിയിൽ പറയുന്നത്.

വിവാഹ വാഗ്ദാനത്തിൽ നിന്ന് പിൻമാറിയതിനെ തുടർന്നാണ് പൊലീസിൽ പരാതി നൽകിയത്.

കണ്ണൂർ എടക്കാട്ടെ മുനമ്പിൽ വച്ചാണ് ഇയാളെ അറസ്റ്റ് ചെയ്തത്. എസ്ഐ അഭിലാഷ്, എഎസ്ഐ ഷിജി, സീനിയർ സിവിൽ പോലീസ് ഓഫീസർ രതീഷ് തുടങ്ങിയവർ ചേർന്നാണ് ഷമീറിനെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാന്റ് ചെയ്തു.

# കുറ്റിച്ചിറ കുളത്തിൽ വിദ്യാർഥി മുങ്ങി മരിച്ചു

കോഴിക്കോട്: കുറ്റിച്ചിറ കുളത്തിൽ വീണ വിദ്യാർഥി മരിച്ചു. കുളത്തിൽ കുളിക്കാൻ എത്തിയ വിദ്യാർഥിയാണ് അപകടത്തിൽപ്പെട്ടത്. ഉടൻ തന്നെ രക്ഷാപ്രവർത്തനം നടത്തി കുട്ടിയെ പുറത്തെടുത്ത് ബീച്ച് ആശുപത്രിയിലെത്തിച്ചെങ്കിലും മരിക്കുകയായിരുന്നു.പയ്യാനക്കൽ കപ്പക്കൽ സ്വദേശി യഹിയ (17) ആണ് മരിച്ചത്.കുളത്തിൽ നീന്താൻ ഇറങ്ങിയപ്പോൾ മുങ്ങി പോവുകയായിരുന്നു.ഞായറാഴ്ച 9 മണിയോടെയാണ് അപകടം നടന്നത്. നീന്താൻ അറിയുന്ന കുട്ടിയാണ് അപകടത്തിൽപ്പെട്ടതെന്ന് നാട്ടുകാർ പറഞ്ഞു. കുട്ടികൾ ഉൾപ്പെടെ നിരവധി പേർ കുളത്തിൽ നീന്താൻ എത്തുന്നുണ്ട്. എന്നാൽ വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങൾ ഇവിടെ ഇല്ലെന്നാണ് നാട്ടുകാർ പറയുന്നത്.

# ശുചിത്വസാഗരം സുന്ദരതീരം: പുരസ്കാര നിറവിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

കോഴിക്കോട്: ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയ ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം ഏറ്റുവാങ്ങി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്. കടൽതീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കുന്നതിനും അതിലൂടെ സ്വാഭാവിക ആവാസവ്യവസ്ഥ വീണ്ടെടുക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയതിനാണ് പുരസ്കാരം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യതൊഴിലാളികൾ, തീരദേശ നിവാസികൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, ബോട്ടുടമകൾ, സന്നദ്ധ സംഘടകൾ തുടങ്ങിയവരുടെ സഹകരണത്തോടെ കടലും തീരവും ടൂറിസ്റ്റ് കേന്ദ്രങ്ങളും പ്ലാസ്റ്റിക് മുക്തമാക്കാൻ പഞ്ചായത്തിനായി.

ഒന്നാംഘട്ടത്തിൽ വിപുലമായ ബോധവത്കരണ പരിപാടികൾ നടത്തുകയും രണ്ടാംഘട്ടത്തിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുകയും ചെയ്തു.

ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയ കാപ്പാട് ടൂറിസ്റ്റ് കേന്ദ്രം ഉൾക്കൊള്ളുന്ന ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ അഴീക്കൽ മുതൽ തുവ്വപ്പാറ വരെയുള്ള തീരദേശ മേഖലയിലാകെ വിപുലമായ പ്രവർത്തനങ്ങളാണ് നടന്നത്. കടലിലും തീരത്തും കടപ്പുറത്തും അടിഞ്ഞ്കൂടിക്കിടന്ന ടൺകണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങളാണ് സന്നദ്ധ പ്രവർത്തനത്തിലൂടെ ശേഖരിച്ചത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ സേനാംഗങ്ങൾ തരംതിരിച്ച് വലിയ ബാഗുകളിലാക്കി റീസൈക്ലിങ്ങിനായി കയറ്റി അയച്ചിരുന്നു.

മത്സ്യദിനത്തിന്റെ ഭാഗമായി കൊട്ടാരക്കരയിൽ നടന്ന ചടങ്ങിൽ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാനിൽനിന്ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സതി കിഴക്കയിൽ പുരസ്കാരം ഏറ്റുവാങ്ങി.

പഞ്ചായത്തിന് അംഗീകാരം ലഭിച്ചത് മത്സ്യതൊഴിലാളികളുടേയും തീരദേശ നിവാസികളുടേയും രാഷ്ട്രീയ -സന്നദ്ധ പ്രവർത്തകരുടേയും ഹരിതകർമ സേനാംഗങ്ങളുടേയും ഉദ്യോഗസ്ഥരുടേയും നല്ല പിന്തുണ ലഭിച്ചതിനാലാണെന്നും കാപ്പാട് ടൂറിസ്റ്റ് കേന്ദ്രത്തിൽ വന്നുചേർന്ന ടൂറിസ്റ്റുകളുടേയും കച്ചവടക്കാരുടേയും പിന്തുണ ലഭിച്ചിരുന്നെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.




# കാർഷിക മേഖലയിൽ ഉന്നമനം ഉണ്ടാകണം: മന്ത്രി കെ. കൃഷ്ണൻകുട്ടി

കോഴിക്കോട്: കേരളത്തിൽ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെന്നും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കണമെന്നും മന്ത്രി കെ.കൃഷ്ണൻകുട്ടി.

ജനതാദൾ എസ് കോഴിക്കോട് ജില്ലാ ലീഡേഴ്സ് മീറ്റിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തണമെന്നും രാജ്യത്ത് കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു ജില്ലാ പ്രസിഡന്റ് കെ.കെ. അബ്ദുല്ല അധ്യക്ഷത വഹിച്ചു. വി.എം. ആഷിക്ക്, ടി.എൻ.കെ ശശീന്ദ്രൻ, ഹാഷിം മാട്ടുമ്മൽ, പി.ടി. ആസാദ്, ടി.കെ. ബാലഗോപാൽ, പി.പി. മുകുന്ദൻ, ബെന്നി മുഞ്ഞോലി എന്നിവർ പ്രസംഗിച്ചു.

സെമിനാറിൽ ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി പി.പി. ദിവാകരൻ വിഷയം അവതരിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സാബു ജോർജ് മുഖ്യ പ്രഭാഷണം നടത്തി. അടിയന്തരാവസ്ഥയിൽ ജയിൽവാസം അനുഷ്ഠിച്ച എൽഡിഎഫ് ജില്ലാ കൺവീനർ മുക്കം മുഹമ്മദിനെ മന്ത്രി പൊന്നാടയണിയിച്ചു.

## ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ കമാൻഡോയുടെ കൈയിൽ നിന്ന് അബദ്ധത്തിൽ വെടി പൊട്ടി

തിരുവനന്തപുരം: ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ തോക്ക് വൃത്തിയാക്കുന്നതിനിടെ അബദ്ധത്തിൽ വെടി പൊട്ടി. കമാൻഡോയുടെ കൈവശം ഉണ്ടായിരുന്ന തോക്കിൽ നിന്നാണ് അബദ്ധത്തിൽ വെടി പൊട്ടിയത്. ക്ഷേത്രത്തിന്റെ സുരക്ഷാ ചുമതലയുള്ള ഡെപ്യൂട്ടി കമാൻഡന്റ് സംഭവത്തിൽ അന്വേഷണം തുടങ്ങി.

രാവിലെ ഡ്യൂട്ടി മാറുന്നതിന്റെ ഭാഗമായി ആയുധം വൃത്തിയാക്കുന്നതിനിടെയാണ് സംഭവം. അപകടം ഉണ്ടാവാതിരിക്കാൻ നിലത്തേക്ക് ചൂണ്ടിയാണ് തോക്ക് വൃത്തിയാക്കാറുള്ളത്. അതിനാൽ തറയിലാണ് വെടിയുണ്ട പതിച്ചത്.

# വിവരാവകാശ നിയമത്തിന്റെ ചിറകരിയരുത്

രാജ്യത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കിയ ഒന്നാണ് വിവരാവകാശ നിയമം. കേരളത്തിൽ വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്തുന്ന നടപടികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നിലവിൽ സിബിഐ , ജിഎസ്ടി ഇന്റലിജൻസ്, ഇന്റലിജൻസ് ബ്യൂറോ എൻഫോഴ്സ്മെന്റ് , ക്രൈംബ്രാഞ്ച്, സ്പെഷൽ ബ്രാഞ്ച് ആഭ്യന്തര വകുപ്പ് എന്നീസ്ഥാപനങ്ങൾവിവരാവകാശത്തിന്റെ പരിധിയിൽ വരുത്തിയും ഇപ്പോൾ വിജിലൻസിനും ഈ നിയമത്തിന്റെ പരിധിയിൽ വരുത്തിയും ഇപ്പോൾ വിജിലൻസിനെയും ഈ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. വിവരാവകാശ കമ്മിഷന്റെ അഭിപ്രായം ഇക്കാര്യത്തിൽ മുഖ്യമാണ്.

സർക്കാർ നിയമത്തിൽ മാറ്റം വരുത്തുമ്പോൾ വിവരാവകാശ കമ്മിഷന്റെ അഭിപ്രായം തേടേണ്ടതുണ്ട് എന്നാൽ അത് ചെയ്യാറില്ലെന്നതാണ് വാസ്തവം.സമീപ കാലത്ത് വിവരാവകാശ കമ്മിഷണർമാരുടെ ഇടപെടലുകൾ വളരെ ശ്രദ്ധേയമായിരുന്നു. വിവരാവകാശ കമ്മിഷണറായിരുന്ന എ ഹക്കീമിന്റെ ഉത്തരവ് വന്നതോടുകൂടിയാണ് സർക്കാർ വർഷങ്ങളായി അടയിരുന്ന സിനിമാ മേഖലയുമായി ബന്ധപ്പെട്ട ഹേമ കമ്മിറ്റി റിപ്പോർട്ട് വെളിച്ചം കണ്ടത്. അതിനെതുടർന്നുണ്ടായ പരിവർത്തനങ്ങൾ ഇപ്പോൾ സിനിമാ മേഖലയിലും പ്രകടമാണ്.


ഇത്തരം സംഭവങ്ങളിലൂടെ സമൂഹത്തിലെ തെറ്റായ പ്രവണത നടത്തുന്നവരെ കണ്ടെത്താൻ വഴിയൊരുങ്ങുന്നു എന്നത് പ്രതീക്ഷാ നിർഭരമാണ്. ഡോ.മൻമോഹൻസിങ് പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് രാജ്യചരിത്രത്തിലെ സുപ്രധാന ചുവടുവയ്പ്പായവിവരാവകശ നിയമം പാസായത്. ഉദ്യോഗസ്ഥ തലത്തിലും മറ്റും അടിഞ്ഞുകൂടുന്ന അഴിമതി വെളിച്ചത്ത് കൊണ്ടുവരാനും അഴിമതിക്കാർക്ക് പേടിസ്വപ്നമായും ഈ നിയമം മാറിക്കൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിലാണ് നിയമത്തിന്റെ സാധ്യതകൾ ജനങ്ങൾക്ക് സാധ്യമാക്കേണ്ട സർക്കാർതന്നെ നിയമത്തിന്റെ സാധ്യതകൾ ജനങ്ങൾക്ക് കൂടുതൽ ലഭ്യമാക്കേണ്ട സർക്കാർ തന്നെ നിയമത്തിന്റെ സാധ്യതകൾ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നത് ഖേദകരമാണ്. അഴിമതിക്കാരെ പുറത്ത് കൊണ്ടുവരാൻ പര്യാപ്തമായ ഈ നിയമം പരുക്കേൽക്കാതെ നിലനിൽക്കേണ്ടത് നാടിന്റെ ആവശ്യമാണ്. 2005ൽ നിലവിൽ വന്ന ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യത്തിൽ രാജ്യത്തിന്റെ ഭാവി ഭാഗധേയങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നവയാണ്.

കേരളത്തിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയതിനോട് പ്രതികൂലമായി പ്രതികരിച്ച ഉദ്യോഗസ്ഥർക്ക് പിഴയൊടുക്കാനക്കമുള്ള വിവരാവകാശ കമ്മിഷണർമാരുടെ ഉത്തരവുകൾസമീപകാലത്തുണ്ടായിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന ചോദ്യങ്ങൾക്ക് യഥാർഥ മറുപടി നൽകാതെ ഒഴിയരുതെന്ന് കമ്മിഷണർ പലപ്പോഴായി നിർദേശിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ മൗലികാവകാശത്തിൽപ്പെടുന്ന ആശയ അഭിപ്രായ സ്വാതന്ത്രംപൗരന്റെ മൗലികാവകാശമാണെന്നതിനും ഈ നിയമം അത്യന്താപേക്ഷികമാണ്.2005ൽ പാർലമെന്റിന്റെഇരുസഭകളും ഐക്യകണ്ഠേനയാണ് ഈ നിയമം പാസാക്കിയത്. വിവരാവകാശ നിയമം ഒരുതരത്തിലും ദുർബലപ്പെടരുത്. അക്കാര്യത്തിൽ മുഴുവൻ ജനാധിപത്യ വിശ്വാസികളും ജാഗ്രത പുലർത്തണം.

## സംസ്കൃത പഠനം

നന്മണ്ട : കാലടി സംസ്കൃത സർവകലാശാലയുടെ പ്രാദേശിക കേന്ദ്രമായ കരുണാറാം എയുപി സ്കൂളിൽ സൗജന്യ സംസ്കൃത പഠന കോഴ്സ് തുടങ്ങുന്നു. 7907921705.

## രാമാശ്രമം ഉണ്ണീരിക്കുട്ടി പുരസ്കാരം 2024 ഡോ. എസ്. സോമനാഥിന്



കോഴിക്കോട്: 34-ാമത് രാമാശ്രമം ഉണ്ണീരിക്കുട്ടി പുരസ്കാരം 2024 ഐ എസ് ആർ ഒ മുൻ ചെയർമാൻ ഡോ.എസ്.സോമനാഥിന് സമ്മാനിക്കുമെന്ന് എം.മുകുന്ദനും,ശ്രീ ശിഷൻ ഉണ്ണീരിക്കുട്ടിയും, എ.അഭിലാഷ് ശങ്കറും വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 50,000 രൂപയും പ്രശസ്തി പത്രവുമടങ്ങന്ന പുരസ്കാരം ആഗസ്റ്റ് അവസാന വാരം സമ്മാനിക്കുമെന്നവർ അറിയിച്ചു. രാമാശ്രമം ട്രസ്റ്റ് ചെയർമാൻ എം.മുകുന്ദൻ, ഡോ.ബീന ഫിലിപ്പ്, എം. മോഹനൻ എന്നിവരടങ്ങുന്ന ജൂറി കമ്മറ്റിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്.

# കോഴിക്കോട് ലഹരി കേസുകൾ വർധിക്കുന്നു



കോഴിക്കോട്: കഴിഞ്ഞ ജനുവരി മുതൽ ജൂൺ വരെ കോഴിക്കോട് സിറ്റിയിൽ മാത്രം എക്സൈസ് നടത്തിയ റെയ്ഡിൽ പിടികൂടിയത് 2.6 കിലോയോളം എം.ഡി.എം.എ. കഞ്ചാവ് 102.53 കിലോ. വിദ്യാർത്ഥികൾ, യുവാക്കൾ, അന്യസംസ്ഥാന തൊഴിലാളികൾ തുടങ്ങിയവരെ കേന്ദ്രീകരിച്ചാണ് പ്രധാനമായും വിൽപ്പന. ആറു മാസത്തിനിടെ കോഴിക്കോട് സിറ്റിയിൽ മാത്രം നിരവധി കേസുകളെടുത്തു. കഞ്ചാവ് ചെടി വളർത്തൽ, ഹാഷിഷ്, ബ്രൗൺ ഷുഗർ കേസുകളും ഇക്കൂട്ടത്തിലുണ്ട്. എൻ.ഡി.പി.എസ് ആക്ടിലെ 27 (ബി), (എ) വകുപ്പുകൾ പ്രകാരം 1345 കേസുകളും രജിസ്റ്റർ ചെയ്തു. ബംഗളൂരുവിൽ നിന്നാണ് പ്രധാനമായും കോഴിക്കോട്ടേക്ക് ലഹരി വസ്തുക്കളെത്തുന്നത്. കഴിഞ്ഞ ദിവസം കോഴിക്കോട്ടും താമരശ്ശേരിയിലും മയക്കുമരുന്ന് കടത്തിന് പിടിയിലായവർക്ക് അന്യസംസ്ഥാനങ്ങളിലെ ലഹരി മാഫിയയുമായി ബന്ധമുണ്ട്. ഇതേപ്പറ്റി വിശദമായി അന്വഷിച്ചുവരികയാണ്. മയക്കുമരുന്ന് കച്ചവടത്തിലെ മുഴുവൻ ആളുകളെയും പിടികൂടാൻ ഇതര സംസ്ഥാനങ്ങളിലെ വിവിധ ഏജൻസികളുമായി സഹകരിച്ചാണ് പ്രവർത്തനം. സംസ്ഥാനത്തെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ ലഹരി കടത്തുകാരുടെയും ഹോട്ട് സ്പോട്ടുകളുടെയും സമഗ്രമായ പട്ടിക തയ്യാറാക്കി ഇവിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും ഇടപാടുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഗതാഗതം, ടൂറിസ്റ്റ് ബസുകൾ, ആഢംബര വാഹനങ്ങൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവയുൾപ്പെടെ എല്ലാ സംശയാസ്പദമായ വാഹനങ്ങളിലും പ്രത്യേക പരിശോധന നടത്തുന്നുണ്ട്. ഫോറസ്റ്റ്, പൊലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പൊലീസ് എന്നിവരുമായി സഹകരിച്ചും പരിശോധിക്കുന്നു.

മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ഇപ്പോൾ പൊതുജനങ്ങൾ എക്സൈസിനെ അറിയിക്കുന്നുണ്ട്. കൂടുതൽ കേസുകൾ പിടികൂടാൻ ഇത് സഹായിക്കുന്നു. എക്സൈസ് ഡിവിഷൻ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുണ്ട്. നമ്പർ: 04952372927. ശബ്ദസന്ദേശം, ടെക്സ്റ്റ്, ഫോട്ടോ, വീഡിയോ എന്നിവ 9496002871 എന്ന മൊബൈൽ നമ്പറിലും അറിയിക്കാം. പരാതിക്കാരുടെ പേരുവിവരം രഹസ്യമായി സൂക്ഷിക്കും.

## ജീവിതാനുഭവങ്ങളുടെ പങ്കുവെക്കൽ ഇല്ലാതാകുമ്പോൾ കുടുംബം ശിഥിലമാകുന്നു;ഡോ. വി. എൻ. സന്തോഷ്കുമാർ



കോഴിക്കോട്: ജീവിതാനുഭവങ്ങളുടെ പങ്കുവെക്കൽ നഷ്ടമാകുന്നിടത്ത് കുടുംബ ബന്ധങ്ങൾക്ക് അകൽച്ചയുണ്ടാകുന്നുവെന്ന് ഡോ. വി.എൻ സന്തോഷ് കുമാർ. മുൻവിധികളില്ലാതെയുള്ള പഴയകാല സ്നേഹ ബന്ധങ്ങളുടെ പരമ്പരകളെ നിലനിർത്താനാകുന്നില്ലെങ്കിൽ നമ്മുടെ യുവത്വം തെരുവുകളിൽ ലഹരിയിൽ തിമിർത്താടുമെന്നും അദ്ദേഹം പറഞ്ഞു.

കേരള അയേൺ ഫാബ്രിക്കേഷൻ & എഞ്ചിനീയറിങ് യൂണിറ്റ് അസോസിയേഷൻ ബാലുശ്ശേരി ബ്ലോക്കിന്റെ കുടുംബ സംഗമത്തിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളെ അറിയുവാനും അവരെ വായിച്ചെടുക്കുവാനുള്ള കഴിവ് നാം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു എം കെ. ബാബു യോഗം ഉദ്ഘാടനം ചെയ്തു. ഫൈസൽ.സി.വി. കൃഷ്ണൻ.എം, ലിബീഷ്. കെ.പി, ശശി. പി, രാജീവൻ, സത്യൻ, പ്രമോദ്, തുടങ്ങിയവർ സംസാരിച്ചു. പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച ആയുഷ്. എസ്, ജിഷ്ണു. പി, വിഷ്ണു. എം. കെ എന്നിവരെ യോഗം അഭിനന്ദിച്ചു.

## മെത്താംഫെറ്റമിനുമായി യുവാവ് പിടിയിൽ

കോഴിക്കോട്: കോഴിക്കോട് വൻ ലഹരി വേട്ട. മെത്താംഫെറ്റമിനുമായി യുവാവ് എക്സൈസിൻറെ പിടിയിലായി. എരവട്ടൂരിൽ സ്കൂട്ടറിൽ കടത്തിക്കൊണ്ട് വന്ന 30.5 ഗ്രാം മെത്താംഫെറ്റമിനുമായി എരവട്ടൂർ സ്വദേശി വിഷ്ണുലാൽ (29) ആണ് എക്സൈസിൻറെ പിടിയിലായത്. ബാലുശ്ശേരി റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർ ധ്രുപദ്.എസ് ഉം സംഘവും ചേർന്നാണ് മയക്കുമരുന്ന് കണ്ടെടുത്തത്. സംഭവത്തിൽ യുവാവ് വന്ന സ്കൂട്ടറും എക്സൈസ് കസ്റ്റഡിയിലെടുത്തു.

അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) രാജീവൻ.പി.എൻ, പ്രിവന്റീവ് ഓഫീസർ(ഗ്രേഡ്)മാരായ ദിലീപ് കുമാർ.ഡി.എസ്, ഷാജി.ഇ.എം, സിവിൽ എക്സൈസ് ഓഫീസർ ലിനീഷ്.കെ, വനിത സിവിൽ എക്സൈസ് ഓഫീസർ ഷൈനി, സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ പ്രശാന്ത് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

## കായകൽപ്പ് പുരസ്കാര നിറവിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

കോഴിക്കോട്: സംസ്ഥാന സർക്കാരിന്റെ കായകൽപ്പ് അവാർഡിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനം സ്വന്തമാക്കി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. ബ്ലോക്കിന് കീഴിലെ തലക്കുളത്തൂർ സാമൂഹികാരോഗ്യകേന്ദ്രത്തിന് ഒന്നാം സ്ഥാനവും നരിക്കുനി സാമൂഹികാരോഗ്യകേന്ദ്രത്തിന് രണ്ടാം സ്ഥാനവുമാണ് ലഭിച്ചത്. 88 ശതമാനം മാർക്കോടെയാണ് തലക്കുളത്തൂർ സാമൂഹികാരോഗ്യകേന്ദ്രത്തിന് ഒന്നാംസ്ഥാന നേട്ടം. മൂന്ന് ലക്ഷം രൂപയാണ് സമ്മാനത്തുക. 85 ശതമാനം മാർക്കാണ് നരിക്കുനിക്ക് ലഭിച്ചത്. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി സുനിൽകുമാറിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ നേതൃത്വത്തിൽ തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടപ്പാക്കിയ സോളാർ സംവിധാനം, ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കൽ, ജീവതാളം പദ്ധതി, രോഗി സൗഹൃദ പ്രവൃത്തികൾ, ഓപ്പൺ ജിം നവീകരണം, ആശുപത്രി നവീകരണം, ഇ -ഓഫീസ് തുടങ്ങിയ പ്രവർത്തനങ്ങൾ പുരസ്കാരത്തിന് അർഹമാക്കി. ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 1.88 കോടി രൂപ രണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തിനുമായി മാറ്റിവെച്ചിട്ടുണ്ട്. തലക്കുളത്തൂർ, നരിക്കുനി ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ നേതൃത്വത്തിൽ ആരോഗ്യരംഗത്തും ശുചിത്വ രംഗത്തും നടത്തിയിട്ടുള്ള മികവാർന്ന പ്രവർത്തനങ്ങൾ അവാർഡിന് മുതൽക്കൂട്ടായെന്ന് ഭരണസമിതി പറഞ്ഞു. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ മാലിന്യമുക്ത പഞ്ചായത്ത് പദ്ധതികൾ, കുട്ടികളുടെ ഹരിതസഭ, ഹരിത ഓഫീസ്, ടേക്ക് എ ബ്രേക്ക്, വഴിയോര വിശ്രമ കേന്ദ്രങ്ങൾ എന്നിവയും പുരസ്കാരനേട്ടത്തിന് സഹായകമായി. ബ്ലോക്ക് മെഡിക്കൽ ഓഫീസർമാരായ ഡോ. എം എം ഷീബയുടെയും ഡോ. ബേബി പ്രീതയുടെയും നേതൃത്വത്തിൽ വിവിധ പ്രവൃത്തികൾ ഇരു ആശുപത്രികളിലും നടപ്പിലാക്കി. മാലിന്യസംസ്കരണത്തിന്റെ ഭാഗമായി വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേനക്ക് കൈമാറിയും മികച്ച പ്രവർത്തനമാണ് നരിക്കുനി ആശുപത്രയിൽ നടക്കുന്നത്.

ശുചിത്വം, മാലിന്യപരിപാലനം, അണുബാധനിയന്ത്രണം എന്നിവ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ആരോഗ്യസ്ഥാപനങ്ങൾക്ക് നൽകുന്നതാണ് കായകല്പ് പുരസ്കാരങ്ങൾ. കേരളത്തിലെ ജില്ലാ ആശുപത്രി മുതൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട മികച്ച ആശുപത്രികൾക്കാണ് അവാർഡുകൾ.

## പ്ലസ് വൺ വിദ്യാർത്ഥിക്ക് സീനിയേഴ്സിന്റെ ക്രൂരമർദനം

കോഴിക്കോട്: അത്തോളിയിൽ പ്ലസ് വൺ വിദ്യാർത്ഥിക്ക് നേരെ സീനിയേഴ്സിന്റെ ക്രൂരമർദനം. അത്തോളി ജിവിഎച്ച്എസ്എസിലെ പ്ലസ് വൺ വിദ്യാർത്ഥിക്കാണ് മർദനമേറ്റത്. പാട്ടുപാടാൻ പറഞ്ഞപ്പോൾ അറിയില്ലെന്ന് പറഞ്ഞതാണ് പ്രകോപനത്തിനിടയാക്കിയത്. സംഭവത്തിൽ സ്കൂളിലെ അഞ്ച് വിദ്യാർത്ഥികൾക്കെതിരെ ആന്റി റാഗിംഗ് സെൽ അന്വേഷണം പ്രഖ്യാപിച്ചു. സീനീയേഴ്സ് ഭീഷണിപ്പെടുത്തുന്നതിന്റെ ഇൻസ്റ്റാഗ്രാം സന്ദേശം ട്വന്റിഫോറിന് ലഭിച്ചു.

ഒരാഴ്ച മുൻപാണ് വിദ്യാർത്ഥി അത്തോളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ അഡ്മിഷൻ എടുത്തത്. നവാഗതരെ റാഗ് ചെയ്യുന്നതിനിടെ വിദ്യാർത്ഥിയോട് പാട്ടുപാടാനും ഡാൻസ് ചെയ്യാനും ആവസ്യപ്പെടുകയായിരുന്നു. രണ്ടും ചെയ്യാനറിയില്ലെന്ന് പറഞ്ഞതോടെ പിന്നെ വൈരാഗ്യമായി. പുതിയ കുട്ടികൾ തുടങ്ങിയ ഇൻസ്റ്റാഗ്രാം പേജ് സംബന്ധിച്ചും തർക്കമുണ്ടായി. ഇതേതുടർന്ന് സ്കൂളിന് സമീപത്തെ ആളൊഴിഞ്ഞ പ്രദേശത്തേക്ക് കുട്ടിയെ വിളിച്ചുവരുത്തിയ ശേഷം ക്രൂരമായി മർദിക്കുകയായിരുന്നു.

റാഗിംങ് നടന്നെന്ന് സ്കൂളിലെ ആന്റി റാഗിംങ് സെൽ സ്ഥിരീകരിച്ചു. അഞ്ച് വിദ്യാർത്ഥികളെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തു. സംഭവത്തിൽ അത്തോളി പൊലീസിന്റെ അന്വേഷണം പുരോഗമിക്കുകയാണ്.

## സ്കിൽസ്പിരേഷൻ: യുവജന നൈപുണ്യ സംഗമം നാളെ

കോഴിക്കോട്: ലോക യുവജന നൈപുണ്യ ദിനത്തിന്റെ ഭാഗമായി മർകസ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രമായ ഐ ടി ഐ യിൽ സ്കിൽസ്പിരേഷൻ യുവജന നൈപുണ്യ സംഗമം നാളെ നടക്കും.

രാവിലെ 10 ന് ഐടിഐ ക്യാമ്പസിൽ നടക്കുന്ന സംഗമം കേരള യുവജനകാര്യ, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ അധ്യക്ഷത വഹിക്കും. അഡ്വ. പിടിഎ റഹീം എംഎൽഎ മുഖ്യാതിഥിയാവും. ചടങ്ങിൽ ഈ വർഷം പഠനം പൂർത്തീകരിച്ച മുഴുവൻ വിദ്യാർഥികൾക്കും ജോബ് ഓഫർ ലെറ്റർ കൈമാറും. പതിമൂന്ന് ട്രേഡുകളിലെ 206 വിദ്യാർഥികൾക്കാണ് 30 കമ്പനികളിലായി പ്ലേസ്മെന്റ് ലഭിച്ചത്. ഐ ടി ഐ യുമായി സഹകരിക്കുന്ന കമ്പനികളെയും തൊഴിൽ ദാതാക്കളെയും ആദരിക്കും.

യുവാക്കൾക്കിടയിൽ സംരംഭകത്വവും ശുഭ ചിന്തകളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പരിപാടിയുടെ ഭാഗമായി നടക്കുന്ന യൂത്ത് സമ്മിറ്റ് രാജ്യസഭാ എംപി ഡോ. ജോൺ ബ്രിട്ടാസ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് അധ്യക്ഷത വഹിക്കും. ഐടിഐ പൂർവ വിദ്യാർഥികളായ 27 യുവസംരംഭകരെ ചടങ്ങിൽ ആദരിക്കും.

എൽബിഎസ് ഡയറക്ടർ ഡോ. എം അബ്ദു റഹ്മാൻ, സിപിഎം ജില്ലാ സെക്രട്ടറി എം മെഹ്ബൂബ്, ഡിസിസി പ്രസിഡന്റ് അഡ്വ. പ്രവീൺ കുമാർ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. പി ഗവാസ്, കെപിസിസി സെക്രട്ടറി കെപി നൗഷാദ് അലി, യൂത്ത് ലീഗ് ജനറൽ സെക്രട്ടറി പികെ ഫിറോസ്, കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി അനിൽകുമാർ, ആർജെഡി ജനറൽ സെക്രട്ടറി സലീം മടവൂർ, എസ് വൈ എസ് സെക്രട്ടറി കലാം മാവൂർ, വ്യാപാര-തൊഴിൽ-സംരംഭകത്വ രംഗത്തെ പ്രമുഖർ, രാഷ്ട്രീയ-സാമൂഹിക നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിക്കും.

## യുഎസ് ചികിത്സ കഴിഞ്ഞ് മുഖ്യമന്ത്രി ദുബൈയിലെത്തി; നാളെ തിരിച്ചെത്തും

ദുബായ്: യുഎസിൽ ചികിത്സ കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ദുബൈലെത്തി. ശനിയാഴ്ച രാവിലെയാണ് മുഖ്യമന്ത്രിയും ഭാര്യ കമല വിജയനും ദുബൈലെത്തിയത്. ഗ്രാൻഡ് ഹയാത്ത് ഹോട്ടലിലാണ് ഇരുവരും താമസിക്കുന്നത്. മുഖ്യമന്ത്രി ചൊവ്വാഴ്ച കേരളത്തിലേക്ക് മടങ്ങുമെന്നാണ് വിവരം.

ചികിത്സയ്ക്കായി ജൂലൈ അഞ്ചിനാണ് മുഖ്യമന്ത്രി യുഎസിലേക്ക് പോയത്. നേരത്തെ നടത്തിയിരുന്ന ചികിത്സയുടെ തുടർച്ചയായുള്ള പരിശോധനകൾക്കായിരുന്നു യാത്ര. യുഎസിൽ മയോ ക്ലിനിക്കിലായിരുന്നു ചികിത്സ.ഇത് നാലാം തവണയാണ് മുഖ്യമന്ത്രി ചികിത്സയ്ക്കായി അമേരിക്കയിലേക്കു പോയത്. 2018 സെപ്റ്റംബറിലാണ് മുഖ്യമന്ത്രി ആദ്യമായി വിദേശ ചികിത്സയ്ക്കു പോയത്. 2022 ജനുവരി 11 മുതൽ 26വരെയും ഏപ്രിൽ അവസാനവും ചികിത്സയ്ക്കായി അമേരിക്കയിലേക്ക് പോയിരുന്നു.

## പ്രാദേശിക രാജ്യാന്തര ചലച്ചിത്രമേള കോഴിക്കോട്ടേക്ക്



കോഴിക്കോട്: മേഖലാ ചലച്ചിത്രോത്സവം കോഴിക്കോട്ടേക്ക് തിരിച്ചെത്തുന്നു. ഏഴുവർഷത്തെ ഇടവേളയ്ക്കുശേഷമാണ് മേഖലാചലച്ചിത്രോത്സവം കോഴിക്കോട്ടേക്കെത്തുന്നത്. ഓഗസ്റ്റ് എട്ടുമുതൽ 11 വരെ കൈരളി, ശ്രീ, കോറണേഷൻ തിയേറ്ററുകളിലായി പ്രാദേശിക രാജ്യാന്തര ചലച്ചിത്രമേള (ആർഐഎഫ്എഫ്കെ) നടത്താനാണ് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തീരുമാനം.

2024 ഡിസംബറിൽ തിരുവനന്തപുരത്ത് നടന്ന കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ (ഐഎഫ്എഫ്കെ) പ്രദർശിപ്പിച്ച ചിത്രങ്ങളുൾപ്പെടെ അമ്പതിലേറെ സിനിമകൾ കോഴിക്കോട്ടെ മേളയിൽ ഉണ്ടാവും. ജനകീയപങ്കാളിത്തത്തോടെയാവും കോഴിക്കാടൻ മേളയുടെ സംഘാടനം. അതിനുവേണ്ടി 15-ന് വൈകീട്ട് അഞ്ചിന് മാനാഞ്ചിറയിലെ സ്പോർട്സ് കൗൺസിൽ ഹാളിൽ സംഘാടകസമിതി രൂപവത്കരണയോഗം ചേരും.

2018-ലാണ് കോഴിക്കോട്ട് അവസാനമായി മേഖലാ ചലച്ചിത്രോത്സവം നടന്നത്. അതിനുശേഷം, 2022-ൽ ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ വനിതാ ചലച്ചിത്രോത്സവം നടന്നു. തിയേറ്റർ സൗകര്യമില്ലെന്നു പറഞ്ഞാണ് ചലച്ചിത്രോത്സവവേദിയാകുന്നതിൽനിന്ന് കോഴിക്കോടിനെ ഒഴിവാക്കിക്കൊണ്ടിരുന്നത്. അത്രപോലും തിയേറ്ററുകളില്ലാത്ത മറ്റുനഗരങ്ങളിൽ പ്രാദേശിക മേളകൾ നടത്തിക്കൊണ്ടിരിക്കെയായിരുന്നു ഈ ന്യായീകരണം. തലശ്ശേരിയും തളിപ്പറമ്പുമൊക്കെ മേഖലാ ചലച്ചിത്രോത്സവത്തിന് വേദിയായിട്ടും കോഴിക്കോട് ഒഴിവാക്കപ്പെടുന്നതിൽ ആസ്വാദക പക്ഷത്തുനിന്ന് വലിയ പ്രതിഷേധമുയർന്നിരുന്നു.

കേരളത്തിന്റെ ചലച്ചിത്രോത്സവമായ ഐഎഫ്എഫ്കെ തുടങ്ങിയത് 1996ൽ കോഴിക്കോട്ടാണ്. സിനിമയുടെ ശതാബ്ദിവർഷമായിരുന്നു അത്. അക്കാര്യം പരിഗണിച്ച്, 100 സിനിമകൾ ഫെസ്റ്റിവലിന്റെ ഭാഗമായി അന്ന് കോഴിക്കോട് നഗരത്തിലെ തിയേറ്ററുകളിൽ പ്രദർശിപ്പിച്ചു. ഫിലിം സൊസൈറ്റികളുടെ സഹകരണവും സിനിമാ സ്നേഹികളുടെയും സിനിമാ പ്രവർത്തകരുടെയും പ്രാതിനിധ്യവുംകൊണ്ട് വൻവിജയമായിരുന്നു ആ മേള. ഐഎഫ്എഫ്കെയുടെ സ്ഥിരം വേദി പിന്നീട് തിരുവനന്തരമായി. കോഴിക്കോട്ട് മേഖലാ ചലച്ചിത്രോത്സവം പോലുമില്ലാതായതോടെ സിനിമാപ്രേമികൾക്ക് തിരുവനന്തപുരത്തുചെന്ന് സിനിമ കാണേണ്ട നിലയായി. ഇത് സാധാരണക്കാരായ പ്രേക്ഷകർക്ക് വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിയത്.

ഇക്കാര്യങ്ങളൊക്കെ പരിഗണിച്ച് കോഴിക്കോട്ട് മേഖലാ ചലച്ചിത്രോത്സവം വേണമെന്ന ആവശ്യമാണ് ഇപ്പോൾ അംഗീകരിക്കപ്പെട്ടിരിക്കുന്നത്.



# ക്ലബ് ഫുട്ബോൾ ലോകകപ്പ്
# ചെൽസിക്ക് കിരീടം

ന്യൂയോർക്ക്: പിഎസ്ജിയെ തകർത്ത് ക്ലബ് ഫുട്ബോൾ ലോകകപ്പിൽ ചെൽസിക്ക് കീരീടം. പാരീസ് ക്ലബിനെ മൂന്ന് ഗോളിന് തകർത്താണ് ചെൽസിയുടെ കുതിപ്പ്. ചെൽസിക്കായി കോൾ പാമർ ഇരട്ടഗോൾ നേടി. 22, 30 മിനിറ്റുകളിലായിരുന്നു പാൽമറിന്റെ ഗോളുകൾ. മൂന്നാം ഗോൾ 43ാം മിനിറ്റിൽ പാൽമറിന്റെ അസിസ്റ്റിൽനിന്ന് ജാവോ പെഡ്രോ നേടി. കോൾ പാമറായിരുന്നു ചെൽസിയുടെ ഹീറോ.മത്സരത്തിന്റെ തുടക്കത്തിൽ തൊടുത്ത ഒരു ഷോട്ട് പോസ്റ്റിലുരുമ്മി പുറത്തുപോയില്ലായിരുന്നെങ്കിൽ ആദ്യ പകുതിയിൽ തന്നെ ഹാട്രിക് തികയ്ക്കാനും പാമറിന് അവസരമുണ്ടായിരുന്നു.

ഗോളടിച്ച് മുന്നേറിയ പിഎസ്ജി ചെൽസിയുടെ കുതിപ്പുകളിൽ കാഴ്ചക്കാരായി മാറുന്നതാണ് കണ്ടത്. ഒരു ഘട്ടത്തിൽപ്പോലും കളിയിൽ നിയന്ത്രണം നേടാൻ ലൂയിസ് എന്റിക്വെയുടെ സംഘത്തിന് കഴിഞ്ഞില്ല. 16 ഗോളടിക്കുകയും ഒരു ഗോൾ മാത്രം വഴങ്ങുകയും ചെയ്ത പിഎസ്ജി ഫൈനലിൽ തീർത്തും നിറംകെട്ടു. പ്രതിരോധം മങ്ങി. പാമറുടെ ആദ്യഗോൾ ഫ്രഞ്ച് പ്രതിരോധത്തിന്റെ പിഴവിൽനിന്നായിരുന്നു. മാലോ ഗുസ്റ്റോയുടെ ഷോട്ട് തടഞ്ഞെങ്കിലും പന്തൊഴിവാക്കാനായില്ല. പാൽമർ അവസരം മുതലെടുത്ത് ബോക്സിന് തൊട്ടുമുന്നിൽവച്ച് അടിതൊടുത്തു. ഗോൾ കീപ്പർ ജിയാൻല്യൂജിക്ക് ഒന്നും ചെയ്യാനായില്ല.

കളി തുടങ്ങി അരമണിക്കൂറിൽ രണ്ടാം ഗോളുമെത്തി. വലതുവശത്തുനിന്ന് അസാമാന്യ കുതിപ്പ് നടത്തിയ ഇംഗ്ലീഷുകാരൻ വീണ്ടും ബോക്സിന് മുന്നിൽനിന്ന് അടിപായിച്ചു. ഇക്കുറിയും ജിയാൻല്യൂജി കാഴ്ചക്കാരനായി. ഇടവേളയ്ക്ക് പിരിയുന്നതിന് തൊട്ടുമുമ്പ് പെഡ്രോ മൂന്നാംഗോളും തൊടുത്തു. പാൽമറാണ് അവസരമൊരുക്കിയത്. രണ്ടാംപകുതിയിൽ പിഎസ്ജി ആഞ്ഞുശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.





## ചെൽസിക്ക് 900 കോടിയോളം സമ്മാനത്തുക

വിപുലീകരിച്ച ക്ലബ് ലോകകപ്പിൽ ഏറ്റവും കൂടുതൽ ലാഭം നേടിയ ക്ലബ്ബായി ചെൽസി മാറി. പിഎസ്ജിയെ ഫൈനലിൽ 3-0 ന് തോൽപ്പിച്ച് കിരീടം നേടിയതിന് പുറമെ, ടൂർണമെന്റിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സമ്മാനത്തുകയായ 1 ബില്യൺ ഡോളറിൽ നിന്ന് ഏറ്റവും വലിയ വിഹിതവും ചെൽസി സ്വന്തമാക്കി.ഫുട്ബോൾ സാമ്പത്തിക വെബ്സൈറ്റായ 'ദി സ്വിസ് റാംബിളി'ന്റെ കണക്കുകൾ പ്രകാരം, തങ്ങളുടെ വിജയകരമായ മുന്നേറ്റത്തിലൂടെ ചെൽസിക്ക് 84 ദശലക്ഷം പൗണ്ടാണ് (ഏകദേശം 880 കോടി രൂപ) ലഭിച്ചത്. ഈ വലിയ വരുമാനം പുതിയ ഫോർമാറ്റിന്റെ സാമ്പത്തിക ആകർഷണവും ആഗോള വേദിയിൽ ചെൽസിയുടെ മികവും അടിവരയിടുന്നു.

## 110 വർഷത്തെ റെക്കോർഡ് തകർത്ത് ഓസീസ് പേസർ ബോളണ്ട്

മെൽബൺ: ഓസ്ട്രേലിയൻ ഫാസ്റ്റ് ബൗളർ സ്കോട്ട് ബോളണ്ടിന് റെക്കോർഡ്. ടെസ്റ്റിൽ കഴിഞ്ഞ 110 വർഷത്തിനിടെ ഏറ്റവും മികച്ച ബൗളിങ് ശരാശരി എന്ന റെക്കോർഡ് ആണ് ബോളണ്ട് സ്വന്തമാക്കിയത്. ബോളണ്ടിന്റെ ബൗളിങ് ശരാശരി 17.33 ആണ്. ടെസ്റ്റിൽ കുറഞ്ഞത് 2000 പന്തുകൾ എറിഞ്ഞിട്ടുള്ള ബൗളർമാരെ അടിസ്ഥാനമാക്കിയാണ് റെക്കോർഡ് കണക്കാക്കിയത്.

വെസ്റ്റ് ഇൻഡീസിനെതിരായ മൂന്നാം ടെസ്റ്റിലാണ് ബോളണ്ട് ഈ നേട്ടം കൈവരിച്ചത്. സബീനാ പാർക്കിൽ 34 റൺസ് മാത്രം വഴങ്ങി മൂന്ന് വിക്കറ്റുകൾ സ്വന്തമാക്കിയപ്പോഴാണ് ബോളണ്ടിനെ തേടി റെക്കോർഡ് എത്തിയത്. 1900 മുതൽ കണക്കാക്കിയാൽ ഇംഗ്ലണ്ടിന്റെ സിഡ് ബാർൺസ് മാത്രമാണ് ബോളണ്ടിന് മുന്നിലുള്ളത്.

ബോളണ്ടിന് മുന്നിലുള്ള മറ്റ് ആറ് ബൗളർമാരും 1800കളിൽ നിന്നുള്ളവരാണ്. ടെസ്റ്റ് ക്രിക്കറ്റിന്റെ ശൈശവാവസ്ഥയാണ് ഈ കാലഘട്ടം.



ആദ്യ ഇന്നിങ്സിൽ വെറും 225 റൺസ് മാത്രമാണ് ഓസ്ട്രേലിയയ്ക്ക് നേടാൻ കഴിഞ്ഞത്. എന്നാൽ പേസ് ആക്രമണത്തിലൂടെ ആതിഥേയരെ വെറും 143 റൺസിന് ഓൾ ഔട്ടാക്കി ഓസ്ട്രേലിയ ആദ്യ ഇന്നിങ്സ് ലീഡ് നേടി. വെസ്റ്റ് ഇൻഡീസിന്റെ ടോപ സ്കോറർ ജോൺ കാംബെല്ലിന്റെ (36) നിർണായക വിക്കറ്റ് വീഴ്ത്തിയതും ബോളണ്ട് ആണ്.

## സൈന നെഹ്‌വാളും പി കശ്യപും വേർപിരിയുന്നു

ഹൈദരാബാദ്: ഇന്ത്യൻ ബാഡ്മിൻറൺ താരങ്ങളായ സൈന നെഹ്‌വാളും പി കശ്യപും വിവാഹമോചിതരായി. 2012ലെ ലണ്ടൻ ഒളിംപിക്സിൽ വെങ്കല മെഡൽ ജേതാവായ സൈന സോഷ്യൽ മീഡിയ പോസ്റ്റിലൂടെയാണ് വിവാഹമോചിതരായ കാര്യം അറിയിച്ചത്. 2018ലാണ് സൈനയും പി കശ്യപും തമ്മിൽ വിവാഹിതരായത്.

'ജീവിതം ചിലപ്പോൾ നമ്മളെ വ്യത്യസ്ത ദിശകളിലേക്ക് കൊണ്ടുപോകും. വളരെയധികം ആലോചിച്ചതിനുശേഷം, കശ്യപും ഞാനും വേർപിരിയാൻ തീരുമാനിച്ചു. പരസ്പര സമാധാനവും വളർച്ചയും മുറിവുണക്കലും കണക്കിലെടുത്താണ് ഈ വേർപിരിയൽ. കശ്യപുമായുള്ള ഓർമ്മകൾക്ക് എക്കാലവും നന്ദിയുള്ളവളാണ്, ഞങ്ങളിരുവരുടെയും മുന്നോട്ടുള്ള യാത്രയിൽ ഏറ്റവും മികച്ചത് മാത്രം ആശംസിക്കുന്നു. ഞങ്ങളുടെ സ്വകാര്യതയെ മാനിച്ചതിന് നന്ദി', എന്നായിരുന്നു സൈന ഇൻസ്റ്റഗ്രാം സ്റ്റോറിയിൽ കുറിച്ചത്.



പി ഗോപിചന്ദ് ബാഡ്മിൻറൺ അക്കാദമിയിലെ പരിശീലനത്തിനിടെയാണ് സൈനയും കശ്യപും പ്രണയത്തിലായത്. 2012ലെ ഒളിംപിക്സിൽ ബാഡ്മിൻറൺ വനിതാ സിംഗിൾസിൽ വെങ്കല മെഡൽ നേടിയ സൈന കർണം മല്ലേശ്വരിക്ക് ശേഷം ഒളിംപിക്സിൽ വ്യക്തിഗത മെഡൽ നേടുന്ന രണ്ടാമത്തെ ഇന്ത്യൻ വനിതാ താരം കൂടിയാണ്.



## വെയിൽസിനെ തകർത്ത് ഇംഗ്ലണ്ട് യൂറോ 2025 ക്വാർട്ടർ ഫൈനലിൽ

യുവേഫ വനിതാ യൂറോ 2025-ന്റെ ക്വാർട്ടർ ഫൈനലിലേക്ക് ഇംഗ്ലണ്ട് മുന്നേറി. ഞായറാഴ്ച നടന്ന മത്സരത്തിൽ എതിരാളികളായ വെയിൽസിനെ 6-1 ന് തകർത്താണ് നിലവിലെ ചാമ്പ്യൻമാർ ഈ നേട്ടം കൈവരിച്ചത്. ഗ്രൂപ്പ് ഡിയിൽ ഫ്രാൻസിന് പിന്നിൽ രണ്ടാം സ്ഥാനക്കാരായി ഫിനിഷ് ചെയ്ത ഇംഗ്ലണ്ട്, അടുത്ത റൗണ്ടിൽ ഗ്രൂപ്പ് സി വിജയികളായ സ്വീഡനെ നേരിടും.13ാം മിനിറ്റിൽ ലഭിച്ച പെനാൽറ്റിയിലൂടെ ജോർജിയ സ്റ്റാൻവേ ഇംഗ്ലണ്ടിനായി ആദ്യ ഗോൾ നേടി. തുടർന്ന് എല്ല ടൂൺ, ലോറൻ ഹെമ്പ്, അലെസിയ റൂസ്സോ, ബെത്ത് മീഡ്, ആഗ്ഗി ബീവർ-ജോൺസ് എന്നിവരും ഗോൾ വല കുലുക്കി. വെയിൽസിന്റെ ഹന്നാ കെയ്ൻ അവസാന നിമിഷം ഒരു ആശ്വാസ ഗോൾ നേടിയെങ്കിലും ഇംഗ്ലണ്ടിന്റെ ആധിപത്യത്തിന് ഒരു കുറവും സംഭവിച്ചില്ല.

ഇംഗ്ലണ്ടിന്റെ രണ്ടാം സ്ഥാനം അവർക്ക് ഗുണകരമായേക്കാം. ക്വാർട്ടറിൽ ശക്തരായ സ്വീഡിഷ് ടീമിനെ മറികടന്നാൽ ലോക ചാമ്പ്യൻമാരായ സ്പെയിനെ ഫൈനൽ വരെ ഒഴിവാക്കാൻ അവർക്ക് സാധിക്കും.

# സ്ട്രോക്ക് തടയാൻ, വൈകുന്നേരം ഒഴിവാക്കേണ്ട നാല് ശീലങ്ങൾ

ആഗോളതലത്തിൽ യുവാക്കൾക്കിടയിൽ പക്ഷാഘാതമുണ്ടാകുന്നവരുടെ നിരക്ക് വർധിച്ചുവരുകയാണ്. തലച്ചോറിനേൽക്കുന്ന അറ്റാക്ക് ആണ് സ്ട്രോക്ക് അഥവാ പക്ഷാഘാതം. തലച്ചോറിലേയ്ക്കുള്ള രക്തപ്രവാഹം തടസപ്പെടുമ്പോഴാണ് സ്ട്രോക്ക് സംഭവിക്കുന്നത്. പക്ഷാഘാതം മൂലമുള്ള മരണങ്ങൾ 2020-ൽ 6.6 ദശലക്ഷത്തിൽ നിന്ന് 2050-ഓടെ 9.7 ദശലക്ഷമായി ഉയരുമെന്ന് അടുത്തിടെ പുറത്തിറക്കിയ ലാൻസെറ്റ് പഠനം വ്യക്തമാക്കുന്നു.

2050 ഓടെ പക്ഷാഘാതം മൂലമുണ്ടാകുന്ന മരണം പ്രതിവർഷം 10 ദശലക്ഷമായും ഉയരാം. പക്ഷാഘാതം 84 ശതമാനം വരെ അപകടസാധ്യത ഉയർത്തുന്നതിൽ ജീവിതശൈലി ഘടകങ്ങൾക്ക് വലിയ പങ്കുണ്ട്. പക്ഷാഘാത സാധ്യത വർധിപ്പിക്കുന്ന നാല് വൈകുന്നേര ശീലങ്ങൾ പരിശോധിക്കാം.

### രാത്രി വൈകി ഭക്ഷണം കഴിക്കുക



ഭക്ഷണക്രമം ചിട്ടയോടെ പാലിക്കുന്നത് നിരവധി ആരോ?ഗ്യ നേട്ടങ്ങൾ ഉണ്ടാക്കും. രാത്രി ഭക്ഷണം കഴിക്കുന്നത് ശരീരത്തിന്റെ സർക്കാഡിയൻ താളത്തെ തടസപ്പെടുത്തുകയും രക്തസമ്മർദത്തെയും മെറ്റബോളിസത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഇത് പക്ഷാഘാതം ഉൾപ്പെടുയുള്ള ആരോഗ്യ സങ്കീർണതകളിലേക്ക് നയിക്കാമെന്ന് ആരോഗ്യ വിദഗ്ധർ പറയുന്നു.

രാത്രി 9 മണിക്ക് ശേഷം അത്താഴം കഴിക്കുന്നത് ഉയർന്ന പക്ഷാഘാത സാധ്യതയുമായി ബന്ധപ്പിട്ടിരിക്കുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അതുപോലെ പ്രഭാതഭക്ഷണം കഴിക്കുന്നതും വൈകിപ്പിക്കാൻ പാടില്ല. രാവിലെയും രാത്രിയും നേരത്തെ ഭക്ഷണം കഴിക്കുന്ന ശീലം ശരീരത്തിന്റെ സ്വാഭാവിക താളങ്ങളെ പിന്തുണയ്ക്കുകയും പക്ഷാഘാതം പോലുള്ള ആരോഗ്യപ്രശ്നങ്ങൾ തടയാൻ സഹായിക്കുകയും ചെയ്യും.

### വിശ്രമം

ഭക്ഷണം കഴിച്ച ശേഷം നേരെ സോഫയിലേക്ക് അല്ലെങ്കിൽ കട്ടിലിലേക്ക് ചായുന്ന ശീലമുണ്ടോ? ഈ ശീലം നിരവധി ആരോഗ്യ സങ്കീർണതകൾക്ക് കാരണമാകുമെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. അത്താഴത്തിന് ശേഷം കുറഞ്ഞത് 20 മിനിറ്റ് നടക്കാൻ ശ്രമിക്കുക. ഇത് രക്തത്തിലെ പഞ്ചസാരയുടെ നിയന്ത്രണം ഒപ്റ്റിമൈസ് ചെയ്യാനും ദഹനത്തെ മെച്ചപ്പെടുത്താനും സഹായിക്കും.

ഇത് പ്രീ ഡയബറ്റിസ്, പ്രമേഹം, ഉയർന്ന രക്തസമ്മർദം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയ്ക്കുള്ള സാധ്യത കുറയ്ക്കാൻ സഹായിക്കും. കൂടാതെ ഒരു മെറ്റാ അനാലിസിസ് പ്രകാരം, നടത്ത വേഗത മണിക്കൂറിൽ ഓരോ 0.66 മൈൽ കൂടുമ്പോഴും പക്ഷാഘാത സാധ്യത 13 ശതമാനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്.

### വൈകിയുള്ള മദ്യപാനം

വൈകുന്നേരം ഒന്നോ രണ്ടോ പെഗ് മദ്യം കുടിക്കുന്നതിൽ വലിയ ആരോഗ്യ പ്രശ്നമില്ലെന്ന് തോന്നുമെങ്കിൽ നിങ്ങൾ അറിയാതെ തന്നെ പക്ഷാഘാത സാധ്യതയ്ക്കുള്ള വേദിയൊരുക്കുകയാണ്. മദ്യം വീക്കം വർധിപ്പിക്കുകയും കോശങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. മിതമായ മദ്യപാനം പോലും അപകടസാധ്യത വർധിപ്പിക്കുന്നു.

ഉറക്കമിളച്ചിരുന്ന് രാത്രി ഫോൺ സ്ക്രോൾ ചെയ്യുന്നതും സീരിസ് കണുന്നതുമൊക്കെ ആരോഗ്യ പ്രശ്നങ്ങൾ വിളിച്ചുവരുത്തുന്നതാണ്. ഉറക്കമാണ് ആയുർദൈർഘ്യത്തിന്റെ അടിസ്ഥാമെന്ന് ആരോഗ്യവിദഗ്ധർ പറയുന്നു. ഉറക്കമില്ലായ്മ പക്ഷാഘാത സാധ്യത വർധിപ്പിക്കുന്നു. മെറ്റാ അനാലിസിസിൽ, രാത്രിയിൽ അഞ്ച് മണിക്കൂറോ അതിൽ കുറവോ ഉറങ്ങുന്ന ആളുകൾക്ക് പക്ഷാഘാതം ഉണ്ടാകാനുള്ള സാധ്യത 33 ശതമാനം കൂടുതലാണെന്ന് പഠനങ്ങൾ പറയുന്നു. വാരാന്ത്യങ്ങളിൽ പോലും സ്ഥിരമായ ഉറക്ക സമയവും



ഉണരൽ സമയവും നിലനിർത്തുന്നത് സഹായകരമാകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.